**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4867** **02-07-2024 - ൽ മറുപടിയ്ക്ക്**

**നന്ദിയോട് നീർപാറ ഐ.എച്ച്.ഡി.പി. കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം 29.09.2023 ൽ ഭരണാനുമതി ലഭിച്ച നന്ദിയോട് നീർപാറ ഐ.എച്ച്.ഡി.പി. കുടിവെള്ള പദ്ധതി ഇതുവരേയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | നന്ദിയോട് ഗ്രാമപഞ്ചായത്തിലെ നീർപ്പാറ ഐ.എച്ച്.ഡി.പി കോളനിയിൽ ചെറുകിട കുടിവെള്ള പദ്ധതിയ്ക്ക് പ്രൈസ് ഒന്ന് പ്രകാരം നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹെഡ് വർക്ക് ഡിവിഷൻ, അരുവിക്കര സമർപ്പിച്ച 63,07,119/- രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ എസ്റ്റിമേറ്റ് പ്രൈസ് 3 പ്രകാരം പുനഃക്രമീകരിച്ചാൽ മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളു എന്നും ആയതിനാൽ എസ്റ്റിമേറ്റ് പുനഃക്രമീകരിച്ച് പുതുക്കിയ ഭരണാനുമതി ലഭിച്ചതിനു ശേഷം തുക ഒടുക്കിയാൽ മതിയാകുമെന്ന് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതിനാൽ പദ്ധതിക്കായുള്ള തുക ഡിപ്പോസിറ്റ് ചെയ്തിരുന്നില്ല. നിലവിൽ പ്രൈസ് 3 പ്രകാരം 63,65,268/-രൂപയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്നും ഏത് നിർവഹണ ഏജൻസി മുഖാന്തിരമാണ് പദ്ധതി നടപ്പാക്കുകയെന്നും വിശദമാക്കാമോ; | (ബി) | നന്ദിയോട് ഗ്രാമപഞ്ചായത്തിലെ നീർപ്പാറ ഐ.എച്ച്.ഡി.പി കോളനിയിൽ ചെറുകിട കുടിവെള്ള പദ്ധതിയ്ക്ക് പ്രൈസ് ഒന്ന് പ്രകാരം നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹെഡ് വർക്ക് ഡിവിഷൻ, അരുവിക്കര സമർപ്പിച്ച 63,07,119/- രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ എസ്റ്റിമേറ്റ് പ്രൈസ് 3 പ്രകാരം പുനഃക്രമീകരിച്ചാൽ മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളു എന്നും ആയതിനാൽ എസ്റ്റിമേറ്റ് പുനഃക്രമീകരിച്ച് പുതുക്കിയ ഭരണാനുമതി ലഭിച്ചതിനു ശേഷം തുക ഒടുക്കിയാൽ മതിയാകുമെന്ന് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതിനാൽ |

| | | | |
|---|---|---|---|
| | | | പദ്ധതിക്കായുള്ള തുക ഡിപ്പോസിറ്റ് ചെയ്തിരുന്നില്ല. നിലവിൽ പ്രൈസ് 3 പ്രകാരം 63,65,268/-രൂപയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | എത്ര കുടുംബങ്ങൾക്ക് ഈ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കുമെന്ന് വിശദമാക്കാമോ? | (സി) | 36 പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് പദ്ധതി കൊണ്ട് പ്രയോജനം ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ